2003-2004-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തേണ്ട വിട്ടുപോയ വർക്കുകൾ

8 (T4046) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003-2004-ലെ ബഡ്ജറ്റിന്റെ അനുബന്ധം രണ്ട് മരാമത്ത് പണികളുടെ പട്ടിക വാല്യം-1-ൽ 15-ാം നമ്പർ ധനാഭ്യർത്ഥനയിൽപ്പെട്ട 4059 ശീർഷകത്തിലെ ഏതാനും ഡീറ്റയിൽഡ് ഹെഡ്ഡുകളിൽപ്പെട്ട നിർമ്മാണ ജോലികൾ ഉൾക്കൊള്ളിക്കാതിരുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പ്രവൃത്തികൾ ചെയ്യുവാനുള്ള തുക സപ്ലിമെന്ററി ഡിമാന്റ് വഴി ഉൾപ്പെടുത്താനാണോ അതോ റീ അപ്രോപ്രിയേഷൻവഴി ഉൾപ്പെടുത്താനാണോ ആണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത് ;

(സി) 2003-2004-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തേണ്ട വിട്ടുപോയ വർക്കുകൾ ഉൾപ്പെടുത്താത്തതിന് എന്താണ് കാരണമെന്ന് ഗവൺമെന്റ് അന്വേഷിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത അന്വേഷണത്തിൽ ഇത്തരത്തിലുള്ള ഗുരുതരമായ വീഴ്ച സംഭവിച്ചത് എങ്ങനെയാണെന്ന് ഗവൺമെന്റിന് ബോദ്ധ്യപ്പെട്ടുവോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിട്ടുപോയ പ്രവൃത്തികൾ നടത്തുന്നതിലേയ്ക്കായി 15-7-2003-ലെ ജി. ഒ. ആർ. റ്റി. 5790/2003-ധന. നമ്പർ ഉത്തരവിൻ പ്രകാരം 17 കോടിയിൽപ്പരം രൂപയുടെ ധനപുനഃക്രമീകരണം നടത്തിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) പ്ലാനിംഗ് ബോർഡിൽനിന്നും ലഭിച്ച പദ്ധതി വിഹിത നിർദ്ദേശങ്ങളിൽ ചില കണക്കിനങ്ങൾ ഉൾപ്പെടാതെ പോയതിനാലാണ് 2003-2004 ബഡ്ജറ്റിൽ 4059 എന്ന മേജർ കണക്കിനത്തിലെ ഏതാനും ഉപഹെഡ്ഡുകളിലെ നിർമ്മാണ പ്രവൃത്തികൾക്ക് തുക ഉൾക്കൊള്ളിക്കാൻ കഴിയാതെ വന്നത്. ഇപ്പോൾ ധന പുനഃക്രമീകരണം വഴി ലഭ്യമാക്കിയിട്ടുള്ള തുക വിട്ടുപോയ പ്രവൃത്തികൾക്ക് വേണ്ടി അനുവദിച്ചുകൊണ്ട് 17-7-2003-ലെ 5842/2003-ധന. നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം

9 (4048) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജീവനക്കാർ പ്രക്ഷോഭരംഗത്താണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

* T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന ജീവനക്കാരുടെ എന്തെല്ലാം ആനുകൂല്യങ്ങളാണ് വെട്ടിക്കുറിച്ചത് എന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാന ജീവനക്കാരുടെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യമായ അഞ്ച് വർഷത്തിലൊരിക്കൽ ശമ്പള പരിഷ്ക്കരണം എന്ന ആവശ്യത്തിൻമേൽ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ;

(ഡി) കഴിഞ്ഞ കാൽ നൂറ്റാണ്ടായി സംസ്ഥാന ജീവനക്കാരുടെ ശമ്പളം ഓരോ അഞ്ചു വർഷത്തിലൊരിക്കൽ പരിഷ്ക്കരിച്ചു വന്നിരുന്നുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) സംസ്ഥാന ജീവനക്കാരുടെ ആവശ്യങ്ങൾ സംബന്ധിച്ച് എന്തെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം സംഘടനകളാണ് നിവേദനം സമർപ്പിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇപ്പോൾ പ്രക്ഷോഭ രംഗത്തല്ല.

(ബി) 16-1-2002-ലെ ജി. ഒ. (പി) നം. 56/2002/ധനപ്രകാരം സറണ്ടർ ആനുകൂല്യം നിറുത്തലാക്കിയിരുന്നു. പെൻഷൻ കമ്മ്യൂട്ടേഷന്റെ ഡിസ്ക്കൗണ്ട് നിരക്ക് 8.75% ആയി വർദ്ധിപ്പിച്ചിരുന്നു. പെൻഷൻ കമ്മ്യൂട്ടേഷൻ തുക പുനഃസ്ഥാപിക്കാനുള്ള കാലയളവ് 15 വർഷമാക്കിയിരുന്നു. പുതുതായി നിയമനം ലഭിക്കുന്ന ജീവനക്കാർക്ക് ആദ്യത്തെ രണ്ട് വർഷം അടിസ്ഥാന ശമ്പളം മാത്രം നൽകിയിരുന്നു. എന്നാൽ ജി. ഒ.(പി)328/03/ധന. തീയതി 19-6-2003 പ്രകാരം താഴെപ്പറയുന്ന ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട്.

1. 16-1-2002-ന് ശേഷം സർവ്വീസിൽ പ്രവേശിച്ചവർക്ക് അടിസ്ഥാന ശമ്പളത്തിനോടൊപ്പം മറ്റ് അലവൻസുകളും 1-6-2003 മുതൽ അനുവദിച്ചിട്ടുണ്ട്. ജി. ഒ. (പി) 328/03/ധന. ഉത്തരവിന്റെ തീയതി മുതൽ പുതുതായി സർവ്വീസിൽ പ്രവേശിക്കുന്നവർക്കും ടി ആനുകൂല്യം ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ നൽകാവുന്നതാണ്.

2. ഒരു വർഷത്തിൽ 10 ദിവസത്തെ സറണ്ടർ ആനുകൂല്യം അനുവദിച്ചു.

3. പെൻഷൻ കമ്മ്യൂട്ടേഷൻ തുക പുനഃസ്ഥാപിക്കുന്നതിനുള്ള കാലയളവ് 15-ൽ നിന്നും 12 വർഷമായി കുറച്ചു.

4. 14-7-1997 വരെ നിയമനം ലഭിച്ച അദ്ധ്യാപകർക്ക് സംരക്ഷണം നൽകാനും ശമ്പളം നൽകാനും ഉത്തരവായിട്ടുണ്ട്. അവരെ തുടർന്നുണ്ടാകുന്ന ഒഴിവിൽ നിയമിക്കുവാനും ഉത്തരവായിട്ടുണ്ട്.

(സി) ഇതിൻമേൽ തീരുമാനമെടുത്തിട്ടില്ല.

(ഡി) പരിഷ്ക്കരിച്ചിട്ടുണ്ട്. 1-7-1973, 1-7-1978, 1-7-1983, 1-7-1988, 1-3-1992, 1-3-1997 എന്നീ തീയതികളിൽ സംസ്ഥാന ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണം നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ലഭിച്ചിട്ടുണ്ട്. ആക്ഷൻ കൗൺസിൽ ഓഫ് സ്റ്റേറ്റ് എംപ്ലോയിസ് ആന്റ് ടീച്ചേഴ്സ്, അദ്ധ്യാപക സർവ്വീസ് സംഘടനാ സമരസമിതി, സെക്രട്ടേറിയറ്റ് സ്റ്റാഫ് അസ്സോസിയേഷൻ, ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ, ഡിപ്പാർട്ട്മെന്റ് മിനിസ്റ്റീരിയൽ സ്റ്റാഫ് അസോസിയേഷൻ, കേരള എൻ. ജി. ഒ. ഫ്രണ്ട് തുടങ്ങിയ സംഘടനകളാണ് നിവേദനം സമർപ്പിച്ചിട്ടുള്ളത്.

വിവിധ വകുപ്പുകളിലെ പരിശോധനാ വിഭാഗങ്ങളിൽ ടി. എ. സീലിംഗ്

10 (4049) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ വകുപ്പുകളിലുള്ള പരിശോധനാ വിഭാഗങ്ങളിൽ ടി. എ. സീലിംഗ് ഇല്ലാത്തത് ഏതെല്ലാം വകുപ്പുകൾക്കാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ടി. എ. സീലിംഗ്മൂലം ഗൗരവമുള്ള പല പരിശോധനാ വിഭാഗങ്ങളും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സംസ്ഥാനത്തെ സർക്കാർ കേസ്സുകൾ നടത്തുന്ന പബ്ലിക് പ്രോസിക്യൂട്ടർമാരുടെ ആഫീസുകൾ പരിശോധന നടത്തേണ്ട നിയമവകുപ്പിലെ പരിശോധനാ വിഭാഗത്തിന് നിലവിലുള്ള ടി. എ. സീലിംഗ് എത്രയാണ് ;

(ഡി) സർക്കാർ കേസ്സുകൾ നടത്തുന്നതിനുള്ള കാര്യക്ഷമത വർദ്ധിപ്പിക്കാൻ പരിശോധന മുടങ്ങാതെ നടത്താൻ സീലിംഗിൽ നിന്ന് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 27-6-1995-ലെ ജി.ഒ.(പി)നം.413/95/ധന ഉത്തരവു പ്രകാരം താഴെപ്പറയുന്ന വിഭാഗങ്ങളെ ടി. എ. സീലിംഗിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്:-

1. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിലെ പ്രവൃത്തി പഠന സമിതി.
2. ധനകാര്യ വകുപ്പിലെ പരിശോധനാ വിഭാഗം.
3. സ്റ്റോർ പർച്ചേസ് വകുപ്പിലെ പരിശോധനാ വിഭാഗം.
4. ഹൈക്കോടതിക്കേസുകൾ അറ്റൻഡ് ചെയ്യാനായി എറണാകുളത്ത് പോകുന്ന സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥർ.

ഇതു കൂടാതെ 11-8-1998-ലെ ജി.ഒ.(എം.എസ്)നം. 1871/98/ധന ഉത്തരവു പ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിലെ ആഡിറ്റർ (സെലക്ഷൻ ഗ്രേഡ്, സീനിയർ ഗ്രേഡ്, ഗ്രേഡ് I, ഗ്രേഡ് II) ആഡിറ്റ് ടീമിനെ സൂപ്പർവൈസ് ചെയ്യുന്ന ഇൻസ്പെക്ടർമാർ എന്നിവരെയും ടി. എ. സീലിംഗിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly